**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4697</u>** **<u>02-07-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ഓട്ടോമാറ്റിക് വാട്ടർ മീറ്റർ റീഡിംഗ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ജല അതോറിറ്റി, ഓട്ടോമാറ്റിക് വാട്ടർമീറ്റർ റീഡിംഗ് ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കേരള വാട്ടർ അതോറിറ്റി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ നിലവിൽ 9450 സ്മാർട്ട് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. മീറ്റർ റീഡിങ് ഓട്ടോമാറ്റിക്കായി വാട്ടർ അതോറിറ്റിയുടെ ബില്ലിംഗ് സോഫ്റ്റ്‌വെയറായ ഇ -അബാക്കസിൽ ലഭിക്കുന്നതിനു സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇപ്രകാരമുള്ള വാട്ടർമീറ്റർ ഉപയോഗിക്കുന്നതു വഴി എന്തൊക്കെ ഗുണങ്ങളാണ് പ്രതീക്ഷിക്കുന്നത്; ഇതുമൂലം ചെലവിനത്തിൽ എത്ര തുക ലാഭിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | സ്മാർട്ട് മീറ്ററുകളുമായി ബന്ധപ്പെട്ട പഠനങ്ങൾ നടന്നുവരുന്നു. ഇതുവഴി മീറ്റർ റീഡിങ്ങിലെ കൃത്യത ഉറപ്പാക്കുവാനും ജലത്തിന്റെ ഉപഭോഗം ഉപഭോക്താവിന് യഥാസമയം അറിയുവാനും കഴിയും. ഇതിലൂടെ ഉപഭോക്താവിന് അവരുടെ ഉപഭോഗം നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. മീറ്റർ റീഡിങ്ങുകൾ വാട്ടർ അതോറിറ്റിക്ക് കൃത്യതയോടെ ശേഖരിക്കുവാനും അതുവഴി പരാതികൾ ഗണ്യമായി കുറയ്ക്കുവാനും സാധിക്കും. ഇതുകൂടാതെ വരുമാനരഹിത ജലത്തിന്റെ അളവ് വൻതോതിൽ കുറയ്ക്കുവാനും സാധിക്കും. ചെലവിനത്തിൽ ലാഭിക്കാൻ കഴിയുന്ന തുക പഠനം പൂർത്തിയാകുന്നതോടുകൂടി ലഭ്യമാകുന്നതാണ്. |
| (സി) | പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കുന്നതിനുള്ള ചെലവ് എപ്രകാരമാണ് വഹിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | സ്മാർട്ട് സിറ്റി, അമൃത്, സ്റ്റേറ്റ് പ്ലാൻ തുടങ്ങി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സ്മാർട്ട് വാട്ടർ മീറ്ററുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ